നമ്പർ. എ.ഡി.എൽ(5)53019/07

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 28-02-2008.

## സർക്കുലർ നമ്പർ 11/2008

വിഷയം :- സഹകരണ വകുപ്പ് - "സഹകരണ നവരത്നം - കേരളീയം" - "കുടിശ്ശിക നിവാരണം ശതശതമാനം - നഷ്ട നിവാരണം കേരളീയം" - പദ്ധതി നിർവ്വഹണം - ഇളവുകൾ അനുവദിക്കുന്ന കാലാവധി 2008 മാർച്ച് മാസത്തിലേക്ക് കുടി ബാധകമാക്കികൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന :-
1. സഹകരണസംഘം രജിസ്ട്രാറുടെ 75/07, 03/08 എന്നീ നമ്പർ സർക്കുലറുകൾ.
2. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 21-02-2008 ൽ സംസ്ഥാന സഹകരണ ബാങ്ക് കോൺഫറൻസ് ഹാളിൽ ചേർന്ന കേന്ദ്ര ബാങ്കുകളുടെ സമ്മേളന തീരുമാനം.

" **സഹകരണ നവരത്നം കേരളീയം**" എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തിലെ വായ്പാമേഖലയിൽ പ്രവർത്തിക്കുന്ന വിവിധങ്ങളായ വായ്പാ സഹകരണ സ്ഥാപനങ്ങളുടെ വായ്പാ കുടിശ്ശിക (നിഷ്ക്രിയ ആസ്തി) പൂർണ്ണമായും കുറയ്ക്കുന്നതിനും തദ്വാരാ ബാങ്കുകളുടെ / സ്ഥാപനങ്ങളുടെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തി അംഗങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ താമസം വിനാ നിറവേറ്റുന്നതിനുമായി ലക്ഷ്യമിട്ട്, സഹകരണവകുപ്പ് **2008 ഫെബ്രുവരി 1 മുതൽ 29 വരെ** നടപ്പിലാക്കിവരുന്ന " **കുടിശ്ശിക നിവാരണം ശതശതമാനം - നഷ്ടനിവാരണം കേരളീയം**" എന്ന കർമ്മ പദ്ധതിയിലൂടെ; സഹകരണസംഘങ്ങളുടേയും ബാങ്കുകളുടേയും, ഭരണസമിതിയംഗങ്ങളുടേയും, സർക്കാരിന്റേയും, സഹകരണവകുപ്പിന്റേയും കൂട്ടായുള്ള പ്രവർത്തനഫലമായി കുടിശ്ശിക ഇനത്തിൽ കാര്യമായ തുക ഇതിനകം തന്നെ പിരിച്ചെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ കാലാ കാലങ്ങളായി ഉണ്ടായിട്ടുള്ള നിഷ്ക്രീയ ആസ്തികൾ ഒരു പരിധിവരെ വീണ്ടെടുക്കാനായതും, ആയതിലൂടെ ടി സ്ഥാപനങ്ങൾക്ക് പുത്തൻ ഉണർവ്വും, പുതിയ മുഖവും, ഊർജ്ജവും പ്രദാനം ചെയ്യുവാൻ കഴിഞ്ഞുവെന്നതും ഈ പദ്ധതിയുടെ വിജയത്തെ കാണിക്കുന്നു.

"കുടിശ്ശിക നിവാരണം ശതശതമാനം - നഷ്ടനിവാരണം - കേരളീയം" ക്യാംപയിൻ 2008 ഫെബ്രുവരി 29 വരെ തന്നെ നിശ്ചയിച്ചതിനനുസരണം അവസാനിക്കുന്നതാണെങ്കിലും, സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഇളവുകളും ആനുകൂല്യങ്ങളും 2008 മാർച്ച് മാസത്തിൽ കൂടി തുടരുന്നതിന് 21.2.2008 ൽ ചേർന്ന കേന്ദ്ര ബാങ്കുകളുടെ സമ്മേളനത്തിൽ തീരുമാനിക്കുകയുണ്ടായി.

ആയതിന്റെ അടിസ്ഥാനത്തിലും, നാളിതുവരെ ലഭ്യമായിട്ടുള്ള റിപ്പോർട്ടുകളുടേയും,കണക്കുകളുടേയും,സഹകാരികളുടേയും, പൊതുപ്രവർത്തകരുടേയും താല്പര്യങ്ങളും കൂടി കണക്കിലെടുത്ത്, പദ്ധതിയുടെ കൂടുതൽ വിജയത്തിനും, പദ്ധതി ആനുകൂല്യങ്ങൾ കൂടുതൽ വായ്പക്കാർക്ക് പ്രയോജനം ലഭിയ്ക്കുന്നതിനുമായി ഉദ്ദേശിച്ച്, **75/07, 3/08** എന്നീ സർക്കുലർ നിർദ്ദേശങ്ങളിലെ ആനുകൂല്യങ്ങൾ / **ഇളവുകൾ 2008 മാർച്ച് മാസം 31** വരെ നൽകുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഇതിനാൽ അനുവാദം നൽകുന്നു.

ടി കാലയളവിലെ പുരോഗതി റിപ്പോർട്ട്, ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ മുഖാന്തിരം എല്ലാ ആഴ്ചയിലും ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിക്കുന്നതോടൊപ്പം, ഇതു സംബന്ധിച്ച് നിലവിലുള്ള എല്ലാ സംവിധാനവും തുടർന്നും നിർവ്വഹിക്കേണ്ടതാണെന്നും കൂടി അറിയിക്കുന്നു.

(ഒപ്പ്)
ശ്രീമതി. റാണി ജോർജ് ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ് :

1. പ്രസിഡന്റ് / മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് തിരുവനന്തപുരം.
2. പ്രസിഡന്റ് / മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
3. പ്രസിഡന്റ് / മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ, എറണാകുളം.
4. ചെയർമാൻ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
5. പ്രസിഡന്റ് / ജനറൽ മാനേജർമാർ, ജില്ലാ സഹകരണ ബാങ്ക്.........................
6. പ്രസിഡന്റ്/സെക്രട്ടറി സംസ്ഥാനതലത്തിലെ എല്ലാ അർബൻ സഹകരണ ബാങ്കുകളും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
7. സംസ്ഥാന പ്രസിഡന്റ് / സെക്രട്ടറി, പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളുടെ അസോസിയേഷൻ (അതാത് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
8. പ്രസിഡന്റ് / സെക്രട്ടറി. അർബൻ ബാങ്ക് ഫെഡറേഷൻ. (അതാത് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
9. ജോയിന്റ് രജിസ്ട്രാർ (ജനറൽ / ആഡിറ്റ്), ..........................................
10. അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ / ആഡിറ്റ്), (ജോയിന്റ് രജിസ്ട്രാർ (ജനറൽ / ആഡിറ്റ്), മുഖേന)
11. സഹകരണവീഥി, 12. സഹകരണ ജേർണൽ, 13. സ്റ്റോക്ക് ഫയൽ
14. സ്പെയർ 15. ഈ ആഫീസിലെ സെക്ഷൻ മേധാവികൾക്ക്

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്കുവേണ്ടി